**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **04-02-2026 - ൽ മറുപടിയ്ക്ക്**

**തെരുവുനായ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെയും മറ്റ് അലഞ്ഞുതിരിയുന്ന മൃഗങ്ങളുടെയും എണ്ണത്തിലുണ്ടായ വർധനവ് മൃഗസംരക്ഷണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2019 ലെ ലൈവ്സ്റ്റോക്ക് സെൻസസ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 2.89 ലക്ഷം തെരുവ് നായ്ക്കൾ ഉണ്ട്. ഭക്ഷണാവശിഷ്ടങ്ങൾ തെരുവിൽ വലിച്ചെറിയുന്നതും, വളർത്തുമൃഗങ്ങളെ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണതയും മൂലം സംസ്ഥാനത്ത്, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെയും മറ്റ് അലഞ്ഞുതിരിയുന്ന മൃഗങ്ങളുടെയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തെരുവുനായ ഭീഷണി തടയുന്നതിനായി സുപ്രീംകോടതി പുറപ്പെടുവിച്ച നിർദേശങ്ങൾ നടപ്പിലാക്കാൻ മൃഗസംരക്ഷണ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ; | (ബി) | തെരുവ്നായ ആക്രമണം വഴി പേവിഷബാധ ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്. ഇത് തടയുവാനായി മൃഗസംരക്ഷണ വകുപ്പിന്റെ മൃഗാശുപത്രികൾ മുഖേന പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തി വരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് തീവ്ര വാക്സിനേഷൻ യജ്ഞം നടത്തി വരുന്നുണ്ട്. തെരുവ്നായ ആക്രമണം ഒഴിവാക്കുന്നതിനുള്ള ബോധവത്കരണ ക്ലാസുകൾ പൊതുജനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, മൃഗക്ഷേമ സംഘടനകൾ മുഖാന്തിരവും, വകുപ്പ് നേരിട്ടും നടത്തിവരുന്നുണ്ട്. നിലവിലുള്ള എ.ബി.സി സെന്ററുകളിലൂടെ വന്ധ്യംകരണ ശസ്ത്രക്രിയയും അതോടൊപ്പം വാക്സിനേഷനും നടത്തിവരുന്നു. നിലവിലുള്ള എ.ബി.സി സെന്ററുകൾ വിപുലീകരിക്കുന്നതിനും, പുതിയ സെന്ററുകൾ ആരംഭിക്കുന്നതിനും തെരുവ് നായ്ക്കൾക്കും അലഞ്ഞുതിരിയുന്ന മൃഗങ്ങൾക്കുമുള്ള അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികളിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട് . |
| (സി) | തെരുവുനായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതി | (സി) | തെരുവുനായകളുടെ എണ്ണം ശാസ്ത്രീയമായ രീതിയിൽ നിയന്ത്രിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ |

| | | | |
|---|---|---|---|
| | എത്രമാത്രം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | | മാർഗമായി എ ബി സി (അനിമൽ ബർത്ത് കൺട്രോൾ) വിലയിരുത്തപ്പെട്ടിട്ടുണ്ട്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യ (AWBI) എ.ബി.സി ചട്ടം 2023 പ്രകാരവും, സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ പ്രകാരവും എ.ബി.സി യും, റാബിസ് പ്രതിരോധ വാക്സിനേഷനുകളും തുടർച്ചയായി നടത്തിവരുന്നു. എ.ബി.സി സർജറി, നായകളിലെ ആക്രമണ സ്വഭാവത്തെ കുറയ്ക്കുന്നതായി ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നു. എ ബി സി പദ്ധതി ശാസ്ത്രീയമായും കർശനമായും നടപ്പിലാക്കിയ പ്രദേശങ്ങളിൽ തെരുവുനായകളുടെ എണ്ണം ക്രമാതീതമായി കുറയുകയും കടിയേറ്റ കേസുകളും റാബീസ് വ്യാപനവും നിയന്ത്രണവിധേയമാകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | തെരുവുനായകളിലൂടെ റാബീസ് പോലുള്ള സാംക്രമിക രോഗങ്ങൾ പടരാനുള്ള സാധ്യത നിയന്ത്രിക്കുന്നതിനായി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ഡി) | തെരുവുനായകളിലൂടെ റാബീസ് പോലുള്ള സാംക്രമിക രോഗങ്ങൾ മനുഷ്യരിലേക്ക് പടരാനുള്ള സാധ്യത നിയന്ത്രിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ശാസ്ത്രീയവും നിയമപരവുമായ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുപ്രീം കോടതി നിർദേശങ്ങളും അനിമൽ ബർത്ത് കൺട്രോൾ റൂൾസും അനുസരിച്ച് തെരുവുനായകളുടെ അനിയന്ത്രിത വർദ്ധനവ് തടയുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ അനിമൽ ബർത്ത് കൺട്രോൾ (ABC) പദ്ധതി നടപ്പിലാക്കുന്നു. ഇതിനോടൊപ്പം തെരുവുനായകൾക്ക് ആന്റി റാബീസ് വാക്സിനേഷൻ നൽകുന്നു. തെരുവുനായകളിൽ കുറഞ്ഞത് 70 ശതമാനത്തിലധികം വാക്സിനേഷൻ കവറേജ് കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക ക്യാമ്പുകളും സംഘടിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപിച്ച് ABC കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുകയും, രോഗലക്ഷണങ്ങൾ കാണിക്കുന്നതോ ആക്രമണ സ്വഭാവമുള്ളതോ ആയ നായകളെ നിരീക്ഷണത്തിലാക്കി നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തുടനീളമുള്ള വെറ്ററിനറി സ്ഥാപനങ്ങളുടെ ശൃംഖല പ്രയോജനപ്പെടുത്തി റാബീസ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. ഇതോടൊപ്പം പൊതുജനങ്ങൾക്കും ഫീൽഡ് ജീവനക്കാർക്കും ബോധവത്കരണവും പരിശീലനവും നൽകി രോഗവ്യാപന സാധ്യത കുറയ്ക്കുന്നതിനുള്ള ദീർഘകാല നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | തെരുവുനായ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്താൻ ദീർഘകാല മൃഗക്ഷേമ-പൊതുജനസുരക്ഷാനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | മൃഗസംരക്ഷണ വകുപ്പ് ഇത്തരത്തിലൊരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും മുനിസിപ്പൽ ആക്ടിലെയും ചട്ടങ്ങൾ ഭേദഗതി ചെയ്തുകൊണ്ട്, വളർത്തുനായ്ക്കളുടെ നിർബന്ധിത ലൈസൻസിംഗ്, ഉത്തരവാദിത്തമുള്ള പെറ്റ് ഓണർഷിപ്പ് എന്നിവ നടപ്പിലാക്കുന്നതിനിള്ള നടപടികളിൽ തദ്ദേശസ്വയംഭരണ വകുപ്പിന് സാങ്കേതിക ഉപദേശങ്ങൾ നൽകി സഹകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ